സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ജൂനിയർ സൂപ്രണ്ട്/സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിലേക്കുള്ള പ്രൊവിഷണൽ പ്രൊമോഷൻ - ബഹു: ഹൈക്കൊടതിയുടെ ഉത്തരവ് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 5600/12/Est-I** നന്തൻകോട്, **12/4/2017**

---

പരാമർശം :- (1) അഡ്വ. റ്റി.കെ. അജിത്കുമാർ -ന്റെ 04-4-2017 ലെ കത്ത്.

(2) ദേവസ്വം കമ്മീഷണറുടെ 10-4-2017 ലെ ROC 113/03/Est-A നമ്പർ റിപ്പോർട്ട്.

(3) ശ്രീ. ഗീതാകൃഷ്ണൻ. ആർ. (സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ, കവിയൂർ ദേവസ്വം, തിരുവല്ല ഗ്രൂപ്പ്) -ന്റെ 10-4-2017 ലെ അപേക്ഷ.

## ഉത്തരവ്

തിരുവല്ല ഗ്രൂപ്പിൽപ്പെട്ട കവിയൂർ ദേവസ്വം സ്പെഷ്യൽ ഗ്രേഡ് സബ് ഗ്രൂപ്പ് ആഫീസർ ശ്രീ. ആർ. ഗീതാകൃഷ്ണന് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിലേക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകണമെന്ന് അപേക്ഷിച്ച് സമർപ്പിച്ച WP(C) 11318/17 നമ്പർ കേസ്സ് പരിഗണിച്ച് ടിയാന് ഒരാഴ്ചയ്ക്കകം പ്രൊവിഷണലായി പ്രൊമോഷൻ നൽകുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതായി സ്റ്റാന്റിംഗ് കൗൺസിലിൽ നിന്നും കത്ത് ലഭിച്ചതിനെ തുടർന്ന് ടിയാനെ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ കേഡറിൽ വിജിലൻസ് ആഫീസർ, തിരുവനന്തപുരം ആയി പ്രൊമോഷൻ നൽകുന്നത് സംബന്ധിച്ച് സമയപരിധിയ്ക്കകം ഉത്തരവുണ്ടാകണമെന്ന് വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -2).

ബോർഡ് ടി വിഷയം പരിശോധിച്ചു ചർച്ച ചെയ്തു.

ബഹു: ഹൈക്കോടതിയുടെ 04-4-2017 ലെ WP(C) 11318/2017 (L) നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലെ ബഹു: ഹൈക്കോടതിയുടെ അന്തിമ വിധിന്യായത്തിന് വിധേയമായി തിരുവല്ല ഗ്രൂപ്പിൽപ്പെട്ട കവിയൂർ ദേവസ്വം സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ ശ്രീ. ആർ. ഗീതാകൃഷ്ണനെ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ കേഡറിൽ 39500-83000 ശമ്പള സ്കെയിലിൽ പ്രൊവിഷണൽ ആയി പ്രൊമോട്ട് ചെയ്ത് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ആഫീസിലെ തിരുവനന്തപുരം വിജിലൻസ് ആഫീസർ തസ്തികയിൽ പോസ്റ്റ് ചെയ്ത് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

(മറുപുറം)

EDP

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ശ്രീ. ആർ. ഗീതാകൃഷ്ണൻ, സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ, കവിയൂർ ദേവസ്വം, തിരുവല്ല ഗ്രൂപ്പ്.
3. ഇ.ഡി.പി. സെക്ഷൻ
4. എസ്റ്റാ-2 സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

SK